## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**

**നം. 813** **05.02.2020-ൽ മറുപടിയ്ക്ക്**

### സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| എ) കേരളത്തിലെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് 2016-17 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ; | എ) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപ്പിച്ചിരുന്നത് പ്രകാരം, പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ഓരോ ജില്ലയിലും 3.5 മുതൽ 5 ഏക്കർ വരെ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. ആയതിൽ പാലക്കാട്, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി കണ്ടെത്തി, ടി പദ്ധതിയുടെ കോൺട്രാക്ടർമാർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കരാർ നൽകിയിട്ടുണ്ട്. |

| | |
|---|---|
| ബി) സർക്കാരിന്റെ ഏത് പദ്ധതി പ്രകാരമാണ് പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നത്; ഇതിനായി വകയിരുത്തിയിരിക്കുന്ന തുക എത്രയാണ്; എത്ര തുക ചെലവഴിച്ചു ; വിശദവിവരം നൽകുമോ; | ബി) സർക്കാരിന്റെ കിഫ്ബി പദ്ധതി പ്രകാരമാണ് പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലുമായി കേരള ഇൻഫ്രാസ്ട്രകച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (KIIFB) ധനസഹായത്തോടെ വിവിധ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ ഓരോ ജില്ലയിലും 40 കോടി രൂപ വീതം ചെലവഴിച്ച് നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർന്ന് ടി സാംസ്കാരിക സമുച്ചയങ്ങൾ ഓരോ ജില്ലയിലും നിർമ്മിക്കുന്നതിന് 50 കോടി രൂപ വീതം ചെലവഴിച്ച് മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി 27.04.2017-ലെ സ. ഉ. (സാ. ധാ) നമ്പർ. 318/2017/സാം.കാ.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുമുണ്ടായി.<br>ഈ പദ്ധതിയിൻ പ്രകാരം കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി താഴെ പറയും പ്രകാരം കിഫ്ബിയിൽ തുക വകയിരുത്തിയിട്ടുണ്ട്. ഈ തുകയിൽ നിന്നും നാളിതുവരെ ഒന്നും ചിലവഴിച്ചിട്ടില്ല |

| **ജില്ല** | **തുക** |
|---|---|
| കൊല്ലം | 44,40,70,000/- രൂപ |
| പാലക്കാട് | 56,48,00,000/- രൂപ |
| കാസർഗോഡ് | 36,20,00,000/- രൂപ |

| | |
|---|---|
| | എന്നാൽ പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കായി സെന്റേജ് ചാർജിനത്തിൽ പദ്ധതിയുടെ എസ്. പി. വി-ആയ കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷൻ തുക വിനിയോഗിക്കുന്നുണ്ട്. |
| സി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്; പദ്ധതി പൂർത്തീകരിക്കാത്ത ജില്ലകളിലെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദവിവരം നൽകുമോ? | സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുക എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. ആയതിൽ പാലക്കാട്, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി കണ്ടെത്തുകയും, തുടർന്ന് പ്രസ്തുത പദ്ധതിയുടെ എസ്. പി. വി-ായ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ. എം. ഡി ടി ജില്ലകളിലുള്ള സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് കോൺട്രാക്ടറെ (ബിഡ്) തെരഞ്ഞെടുത്ത്, ടി കോൺട്രാക്ടർമാർക്ക് പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.<br><br>ഇടുക്കി ജില്ലയിൽ പ്രസ്തുത സമുച്ചയ നിർമ്മാണത്തിന് ഭൂമി കൈമാറി ലഭിച്ചിട്ടുണ്ടെങ്കിലും പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ സാംസ്കാരിക സമുച്ചയം |

പോലുള്ള ബൃഹത്തായ നിർമ്മിതികൾക്ക് പ്രസ്തുത ഭൂമി അനുയോജ്യമല്ലായെന്ന് ഡി.പി.ആർ ഏജൻസിയും/ ജില്ലാ ജിയോളജിസ്റ്റും സംശയം ഉന്നയിച്ച സാഹചര്യത്തിൽ വിശദമായ പരിശോധന നടന്നു വരുന്നു.

സംസ്ഥാനത്തെ ആറ് ജില്ലകളിൽ (ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കോട്ടയം, തൃശ്ശൂർ) അനുയോജ്യമായ ഭൂമി കണ്ടെത്തുകയും ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലുമാണ്. ബാക്കിയുള്ള നാല് ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, വയനാട്) അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനായി ജില്ലാ ഭരണകൂടങ്ങളുമായി ബന്ധപ്പെട്ട സത്വര-നടപടി സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ